# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1619

01.11.2019 ൽ മറുപടിയ്ക്ക്

## പുതിയ തദ്ദേശഭരണ സ്ഥാപനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ് :** | | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പുതിയതായി ഗ്രാമ പഞ്ചായത്തുകളും, മുനിസിപ്പൽ കൗൺ സിലുകളും, മുനിസിപ്പൽ കോർപ്പ റേഷനുകളും രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള ഡീലിമിറ്റേഷൻ പ്രോസസ്സ് എവിടെവരെയായി എന്ന് വിശദമാക്കാമോ; | (എ) | കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. നിലവിലുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളോ മുനിസിപ്പാലിറ്റികളെ കോർപ്പ റേഷനുകളോ ആക്കി മാറ്റേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി രൂപീകരിച്ച ഏതെങ്കിലും മുനിസിപ്പൽ കൗൺസിലുകൾ തിരിച്ച് ഗ്രാമപഞ്ചായത്തുകളാക്കി മാറ്റിയിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി രൂപീകരിച്ച മുനിസിപ്പൽ കൗൺസിലുകൾ തിരിച്ച് ഗ്രാമപഞ്ചായത്തുകളാക്കി മാറ്റിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിലവിൽ ഉണ്ടായിരുന്ന ഏതെങ്കിലും മുനിസിപ്പൽ കൗൺസിലുകൾ തിരിച്ച് ഗ്രാമപഞ്ചായത്തുകളാക്കി മാറ്റിയിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിലവിൽ ഉണ്ടായിരുന്ന മുനിസിപ്പൽ കൗൺസിലുകൾ തിരിച്ച് ഗ്രാമപഞ്ചായത്തുകളാക്കി മാറ്റിയിട്ടില്ല. |

Pradeeshkumar

**സെക്ഷൻ ഓഫീസർ**